www.viswasasamrakshakan.org

# വിശ്വാസസംരക്ഷകൻ

യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രസിദ്ധീകരണം

Vol. 1 Issue 22 February 1-15 2007

# ആലുവ പ്രശ്നം: മെത്രാൻകക്ഷി നേതൃത്വത്തിന്റെ അഭിപ്രായത്തെ ജനങ്ങൾ തള്ളികളയുന്നു

ആലുവ തൃക്കുന്നത്ത് സെമിനാരിയുടെ യഥാർത്ഥ അവകാശികളായ യാക്കോബായസഭയുടെ ശ്രേഷ്ഠ കാതോലിക്ക ബാവ മോർ ബസേലിയോസ് തോമസ് പ്രഥമനെയും മെത്രാപ്പോലീത്തന്മാരെയും വൈദീകരെയും വിശ്വാസികളെയും കബറിങ്കൽ പ്രവേശിച്ച് ആരാധന നടത്തുവാൻ അനുവദിച്ചതിനെ പ്രതിഷേധിച്ച് മെത്രാൻകക്ഷി നേതൃത്വം ആഹ്വാനം ചെയ്ത സമരകോലാഹലങ്ങൾ ജനപിന്തുണ ഇല്ലാത്തതിനെത്തുടർന്ന് നിർജ്ജീവമായിരിക്കുന്നു. തൃക്കുന്നത്ത് സെമിനാരിയും പള്ളിയും യാക്കോബായ സഭയുടേതാണെന്ന് ഭൂരിപക്ഷം മെത്രാൻകക്ഷിക്കാരും കരുതുന്നു. സഭാനേതൃത്വം വിശ്വാസികളെ തെറ്റിധപ്പിച്ച് ആലുവായിൽ പ്രശ്നങ്ങൾ സൃഷ്ടികക്കുകയാണെന്ന് ഒരുവിഭാഗം വാദിക്കുന്നു. തങ്ങൾക്ക് അവകാശപ്പെടാത്ത ആലുവ പള്ളിയും സ്വത്തുക്കളും എന്തിനാണ് അനധികൃതമായി മെത്രാൻകക്ഷി സഭ കൈയ്യടക്കി വച്ചിരിക്കുന്നു എന്ന് ജനങ്ങൾ ചോദിക്കുവാൻ തുടങ്ങി. ഇതിന് പ്രതിഫലനമാണ് ശിവസേന എം.പി. അലക്സാണ്ടറുടെ മാക്കാംകുന്നിലെ പ്രസംഗം. വൈരുദ്ധ്യങ്ങൾ നിറഞ്ഞ പ്രസംഗത്തിൽ ഒരുകാര്യം അദ്ദേഹം വ്യക്തമാക്കി. തർക്കങ്ങളുള്ള 40 പള്ളികൾ തങ്ങളുടേത് അല്ലാത്തതുകൊണ്ട് അവ വിട്ടുകൊടുക്കേണ്ടതണ്. അടുത്തദിവസത്തെ മനോരമ മെത്രാൻകക്ഷിക്കാരുടെ സമരാഭാസത്തിന്റെ വാർത്ത നൽകാതെ അലക്സാണ്ടറുടെ പ്രസംഗമാണ് പ്രാധാന്യത്തോടെ നൽകിയത്. അലക്സാണ്ടർ വ്യക്തമാക്കിയ നിലപാട് മെത്രാൻകക്ഷി നേതൃത്വത്തിലെ ഒരു വിഭാഗത്തിന്റെ ഒത്താശയോടുകൂടിയാണ് എന്ന് സ്പഷ്ടം. വരുംദിവസങ്ങളിൽ പുതിയ ചർച്ചയ്ക്ക് ഈ നിർദ്ദേശങ്ങൾ വഴിവെയ്ക്കുമെന്ന് തീർച്ചയാണ്. മെത്രാൻകക്ഷി നേതൃത്വം സമരകാഹളം ഉയർത്തിയെങ്കിലും ആലുവ പ്രദേശത്തോ അങ്കമാലി ഭദ്രാസനത്തിലോ യാതൊരു പ്രതിഫലനവും സൃഷ്ടിച്ചില്ല. മെത്രാൻകക്ഷി നേതൃത്വം അടുത്ത 13 ന് സെക്രട്ടിയേറ്റ് മാർച്ചും ധർണയും തീരുമാനിച്ചരിക്കുകയാണ്. പരി. ഏലിയാസ് തൃതീയൻ ബാവായുടെ ഓർമ്മ ദിവസമായ ഫെബ്രുവരി 13ന് തന്നെ പുതിയ സമരകോലാഹങ്ങൾ ആരംഭിക്കുവാൻ പ്രത്യേകം തെരഞ്ഞെടുത്തത് മറ്റൊരു ദു:സൂചനയായി മാത്രമെ കാണാൻ സാധിക്കൂ.

## യാക്കോബായ സഭ ഐക്യദാർഢ്യദിനം ആചരിച്ചു

ശാശ്വതമായ സമാധാനമാണ് യാക്കോബായ സുറിയാനിസഭ ആഗ്രഹിക്കുന്നത് എന്ന് ഐക്യദാർഢ്യദിനത്തോടനുബന്ധിച്ച് കുറുപ്പുംപടി സെന്റ് മേരീസ് പള്ളിയിൽ ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവ പ്രസ്താവിച്ചു. തൃക്കുന്നത്ത് സെമിനാരി പള്ളിയിൽ പരി. സഭയുടെ പുണ്യപിതാക്കന്മാരുടെ കബറിടങ്ങളിൽ 33 വർഷങ്ങൾക്ക് ശേഷം പൂർണ്ണരൂപത്തിൽ ആരാധന അർപ്പിക്കുവാൻ സാധിച്ചത് സഭാ ചരിത്രത്തിലെ അവിസ്മരണീയ മുഹൂർത്തമാണെന്നും, ബഹു. ഗവൺമെന്റിന്റെ നീതിയായ സമീപനത്തെ പരി. സഭ ആദരവോടുകൂടി കാണുന്നുവെന്നും ശ്രേഷ്ഠ ബാവ പറഞ്ഞു.

തൃക്കുന്നത്ത് സെമിനാരിയും സ്വത്തുക്കളും സുറിയാനി സഭയുടേതാണ് എന്ന് രേഖകളും പ്രമാണങ്ങളും പരിശോദിക്കുന്നവർക്ക് മനസ്സിലാക്കുവാൻ സാധിക്കും. അല്ല എന്ന് കാണിക്കുവാൻ ആർക്കും കഴിയുകയില്ല. എന്നാൽ കാതോലിക്കാ വിഭാഗം അനധികൃതമായി സെമിനാരിയും സ്വത്തുക്കളും കൈവശം വച്ചിരിക്കുന്നു. ഈ അനീതി അനുവദിക്കുവാൻ സാധിക്കുകയില്ല എന്നും യഥാർത്ഥ അവകാശികൾക്ക് സെമിനാരിയുടെ നിയന്ത്രണം ലഭിക്കുന്ന കാലം വിദൂരമല്ല എന്നും ശ്രേഷ്ഠ ബാവ വ്യക്തമാക്കി.

അടഞ്ഞുകിടക്കുന്ന എല്ലാ ദേവാലയങ്ങളും തുറക്കുന്നതിനുള്ള ചർച്ചകളോടും മദ്ധ്യസ്ഥ ശ്രമങ്ങളോടും യാക്കോബായ സഭ തുറന്ന മനസ്സോടെ സമീപിക്കുമെന്നും എന്നാൽ കാതോലിക്കാ വിഭാഗത്തിന്റെ നിലപാടുകൾ ക്രൈസ്തവമല്ല എന്നും ബാവ ചൂണ്ടിക്കാട്ടി. യാക്കോബായ സഭയുടെ ദേവാലയങ്ങളിൽ ആസൂത്രിതമായ നീക്കങ്ങളിലൂടെ പ്രശ്നങ്ങൾ സൃഷ്ടിക്കുവാനുള്ള കാതോലിക്ക വിഭാഗത്തിന്റെ ശ്രമങ്ങൾ അനുവദിക്കുകയില്ല എന്ന് ശ്രേഷ്ഠ ബാവ പറഞ്ഞു.

പരി. സഭയ്ക്കായി പ്രത്യേകം പ്രാർത്ഥിക്കണമെന്നും ഇടവക വിശ്വാസികൾ ജാഗ്രതയോടുകൂടി പ്രവർത്തിക്കണമെന്നും ശ്രേഷ്ഠ ബാവ ഓർമ്മിപ്പിച്ചു.

ശ്രേഷ്ഠ കാതോലിക്ക ബാവായുടെ ആഹ്വാനപ്രകാരം യാക്കോബായ സഭയുടെ ദേവാലയങ്ങളിൽ ഐക്യദാർഢ്യദിനമായി ആചരിച്ചു. തൃക്കുന്നത്ത് പുണ്യപിതാക്കന്മാരുടെ കബറിങ്കൽ പ്രവേശിച്ച് പ്രാർത്ഥന അർപ്പിക്കുവാൻ സാധിച്ചതിൽ നന്ദി സൂചകമായും പരി.സഭയിൽ ശാശ്വാത സമാധാനത്തിനായും പൂട്ടപ്പെട്ട പള്ളികൾ തുറക്കുവാനും പരി. സഭയുടെ 800 ൽ പരം ദേവാലയങ്ങളിലും അനേകം ചാപ്പലുകളിലും വി. കുർബ്ബാന മദ്ധ്യേ പ്രത്യേകം പ്രാർത്ഥന നടത്തി.

## ചരിത്രമുഹൂർത്തം ...



## അഭി. കുറിയാക്കോസ് മോർ ഗ്രിഗോറിയോസ് അഭിഷിക്തനായി



മലങ്കര യാക്കോബായ ക്നാനായ ഭദ്രാസന സഹായ മെത്രാപ്പോലിത്തയായി ചാലുപറമ്പിൽ കുറിയാക്കോസ് റമ്പാനെ കുറിയാക്കോസ് മോർ ഗ്രിഗോറിയോസ് എന്ന നാമധേയത്തിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. ഡമാസ്കസിലെ മാർ അഫ്രേം കത്തീഡ്രലിൽ നടന്ന സ്ഥാനാഭിഷേക ശുശ്രൂഷയിൽ പരി. പാത്രിയർക്കീസ് മോറോൻ മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവ പ്രധാന കാർമ്മികത്വം വഹിച്ചു. ക്നാനായ ഭദ്രാസന ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ്, യാക്കോബായ സുറിയാനി സഭ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി, ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത, പരി. പാത്രിയർക്കീസ് ബാവായുടെ സെക്രട്ടറി ഗീവർഗീസ് മോർ അത്തനാസിയോസ്, പാത്രിയർക്കീസ് അസിസ്റ്റന്റു

ശേഷം മൂന്നാം പേജിൽ

## സൃഷ്ടിപരമായ ചർച്ചയ്ക്ക് യാക്കോബായ സഭ തയ്യാർ

പുത്തൻകുരിശ്: യാക്കോബായ – കാതോലിക്ക വിഭാഗങ്ങൾ തമ്മിലുള്ള തർക്കങ്ങൾക്ക് അടിസ്ഥാനപരമായ കാരണങ്ങൾ ബഹു. ശിവസേന എം.പി. ഡോ. പി.സി. അലക്സാണ്ടറുടെ പ്രസ്താവനയിലൂടെ വ്യക്തമാകുകയാണ് എന്ന് യാക്കോബായ സഭാ ട്രസ്റ്റി ജോർജ് മാത്യു തെക്കേത്തലയ്ക്കലും സമുദായ സെക്രട്ടറി തമ്പു ജോർജ് തുകലനും പറഞ്ഞു. 'ഇൻഡ്യൻ ഓർത്തഡോക്സ്' സഭയിലെ പ്രമുഖനായ ഡോ. അലക്സാണ്ടർ നടത്തിയ വെളിപ്പെടുത്തലുകളിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ചില നിർദ്ദേശങ്ങളുണ്ടെങ്കിലും ചരിത്ര സത്യങ്ങളുമായി പൊരുത്തപ്പെടാത്ത ചില കണ്ടെത്തലുകളുമുണ്ട് എന്ന് പറയേണ്ടിയിരിക്കുന്നു. പരി. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുമായുള്ള ബന്ധം പൂർണ്ണമായും വിച്ഛേദിക്കണമെന്നും സഭയിലെ മുൻഗാമികൾ ചിലർക്ക് പറ്റിയ തെറ്റാണ് പാത്രിയർക്കീസിനെ അംഗീകരിക്കുവാൻ മെത്രാൻകക്ഷി സഭയ്ക്ക് ഇടയായി തീർന്നതുമെന്നുള്ള അദ്ദേഹത്തിന്റെ കണ്ടെത്തൽ അംഗീകരിക്കുവാൻ ചരിത്രം അറിയുന്ന ആർക്കും സാധിക്കുകയില്ല. എന്നാൽ 'ഇൻഡ്യൻ ഓർത്തഡോക്സ്' സഭയുടെ നിലപാടുകളിൽ യാക്കോബായ സഭ അഭിപ്രായം പ്രകടിപ്പിക്കുവാൻ ആഗ്രഹിക്കുന്നില്ല എന്ന് അവർ പറഞ്ഞു. ഇന്ത്യൻ പാത്രിയർക്കീസിനെ സൃഷ്ടിക്കുവാനുള്ള മെത്രാൻകക്ഷി സഭയുടെ നീക്കം അപഹാസ്യമാണ്. എന്നാൽ യാക്കോബായ മെത്രാൻകക്ഷി പക്ഷങ്ങൾ തമ്മിലുള്ള കേസുകൾ അവസാനിപ്പിക്കണമെന്നും കോടതിവിധി ഏതുവിഭാഗത്തിന് അനുകൂലമായാലും ഇരുവിഭാഗത്തിന്റെയും കൈവശമിരിക്കുന്നതായ പള്ളികളിൽ അതേനിലയിൽ തന്നെ തുടരേണ്ടതായി വരും എന്നും, ഇടവക പള്ളികൾ സംബന്ധിച്ചുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് സന്ധിസംഭാഷണം ആരംഭിക്കണം എന്നുമുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ശ്രദ്ധേയമാണെന്ന് അവർ പറഞ്ഞു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ഷർഷാരവത്തോടെ വിശ്വാസികളും വൈദീകരും സ്വീകരിച്ചു എന്ന യാഥാർത്ഥ്യം മെത്രാൻകക്ഷി സഭാനേതൃത്വം ഉൾക്കൊണ്ടുകൊണ്ട് പൂട്ടികിടക്കുന്ന ദേവാലയങ്ങൾ തുറന്ന് ആരാധനാ സൗകര്യം ഉണ്ടാക്കുവാൻ മെത്രാൻകക്ഷി സഭാനേതൃത്വം തയ്യാറാകണമെന്ന് അവർ അവശ്യപ്പെട്ടു. ശാശ്വത സമാധാനമാണ് യാക്കോബായ സഭ ആഗ്രഹിക്കുന്നതെന്ന ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ ആഹ്വാനം ഉൾക്കൊണ്ടുകൊണ്ട് കേസുകളും തർക്കങ്ങളും അവസാനിപ്പിച്ച് സമുഹത്തിൽ ക്രൈസ്തവ സാക്ഷ്യം പൂർണ്ണമായും നിറവേറ്റുവാൻ സാധിക്കണമെന്ന് യാക്കോബായ സഭ ആഗ്രഹിക്കുന്നതായും, ഇരുസഭകളാണ് എന്ന യഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് സൃഷ്ടിപരമായ ചർച്ചകൾക്ക് യാക്കോബായ സഭ തയ്യാറാണ് എന്നും അവർ പറഞ്ഞു.

# ആലുവായിലെ ചരിത്രമുഹൂർത്തം ചിത്രങ്ങളിലൂടെ





## മെത്രാൻകക്ഷികളുടെ ആക്രോശം



## ഏതാനുംപേർ പ്രതിഷേധിച്ചു (കടപ്പാട്–മാതൃഭൂമി )

ആലുവ. മൂന്നുപതിറ്റാണ്ടിനുശേഷം തൃക്കുന്നത്ത് സെമിനാരി പള്ളിയിൽ കബറിങ്കൽ യാക്കോബായ സഭയിലെ ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവ ആരാധന നടത്തി. ഏറെ ദിവസത്തെ ചർച്ചകൾക്കൊടുവിൽ വ്യാഴാഴ്ച രാത്രി 8.15 നായിരുന്നു ഇത്.

ഓർത്തഡോക്സ് വിഭാഗത്തിന്റെ എതിർപ്പുകൾ അവഗണിച്ചാണ് സർക്കാർ ഇത് അനുവദിച്ചത്. വൈകിട്ട് ആറിനാണ് കാൽനട തീർത്ഥയാത്രകൾ അങ്കമാലിയിലും വടക്കൻപറവൂരും നിന്ന് തൃക്കുന്നത്ത് പള്ളിക്കടുത്ത് മോർ അത്തനേഷ്യസ് സ്റ്റഡിസെന്ററിൽ എത്തിയത്. തൃക്കുന്നത്ത് സെന്റ് മേരീസ് പള്ളിയിലെ തിരുനാൾ പ്രദക്ഷിണവും തീർത്ഥയാത്രയോടൊപ്പം ചേർന്നു. തുചർന്ന് ശ്രേഷ്ഠ കാതോലിക്ക ബാവ പ്രാർത്ഥനയും പ്രസംഗവും നടത്തി. ഭക്തർ റോഡിലും മറ്റുമായി ഇരുന്നു. ആലുവ–പെരുമ്പാവൂർ റൂട്ടിൽ സീനത്ത് കവല മുതൽ പവർസ്റ്റേഷൻ വരെ ഗതാഗതം നിരോധിച്ചിരുന്നു.

സെമിനാരി സ്ഥാപകനായ കടവിൽ പൗലോസ് മോർ അത്തനാസിയോസ് മെത്രാപ്പോലീത്തയുടെ വിൽപത്രപ്രകാരം യാക്കോബായ സഭയ്ക്ക് അവകാശപ്പെട്ടതാണ് തൃക്കുന്നത്ത് പള്ളിയെന്ന് ബാവ ആവർത്തിച്ചു. ഈ സമയം പള്ളിക്കടുത്ത ചാപ്പലിൽ ഓർത്തഡോക്സ് വിഭാഗം ആരാധന നടത്തുന്നുണ്ടായിരുന്നു.

ബാവയുടെ പ്രസംഗം നടക്കുമ്പോഴും സുന്നഹദോസ് സെക്രട്ടറി ജോസഫ് മോർ ഗ്രിഗോറിയോസ്, ഏലിയാസ് മോർ അത്തനാസിയോസ് എന്നിവരുടെ നേതൃത്വത്തിൽ കളക്ടർ മുഹമ്മദ് ഹനീഷ്, ആർ.ഡി.ഒ. മിനി ആന്റണി, റൂറൽ എസ്.പി. എം. വഹാബ് എന്നിവരുമായി ചർച്ച നടക്കുകയായിരുന്നു.

7.35 ന് സ്റ്റഡിസെന്ററിൽ തിരിച്ചെത്തിയ മോർ ഗ്രിഗോറിയോസ് ബാവയ്ക്കും മെത്രാപ്പോലീത്തന്മാർക്കും വിശ്വാസികൾക്കും കബറിങ്കൽ പ്രവേശിക്കാൻ അനുമതി ലഭിച്ചെന്ന് ഭക്തരെ അറിയിച്ചു. പിന്നെ തീർത്ഥയാത്രാസംഘവും ആലുവ ഇടവകാംഗങ്ങളും നിരനിരയായി കബറിങ്കൽ പ്രവേശിച്ചു തിരികെപോയി. യാക്കോബായ സഭാ സെക്രട്ടറി തമ്പു ജോർജ് തുകലൻ, ഫാ. വർഗീസ് കല്ലാപ്പാറ, ഫാ. ജേക്കബ് കൊച്ചുപറമ്പിൽ തുടങ്ങിയവരായിരുന്നു മുൻനിരയിൽ. ഒടുവിലാണ് ബാവയും മെത്രാപ്പോലീത്തന്മാരും പ്രവേശിച്ചത്. പരി. പൗലോസ് മോർ അത്തനാസിയോസ്, കടവിൽ പൗലോസ് മോർ അത്തനാസിയോസ്, വലിയപറമ്പിൽ ഗീവർഗീസ് മോർ ഗ്രിഗോറിയോസ് എന്നീ മെത്രാപ്പോലീത്തന്മാരുടെ കബറിടങ്ങളിലാണ് മെത്രാപ്പോലീത്തന്മാർ ആരാധന നടത്തിയത്.

ചാപ്പലിൽ ഉണ്ടായിരുന്ന ഓർത്തഡോക്സ് വിഭാഗം ഏതാനുംപേർ പ്രതിഷേധിച്ചു. ഗേറ്റിന് സമീപം പോലീസ് അവരെ തടഞ്ഞു.

## തൃക്കുന്നത്ത് സെമിനാരിയിൽ കൂട്ടത്തല്ല്

കഴിഞ്ഞ ജനുവരി 25 ന് വൈകുന്നേരം ശ്രേഷ്ഠ കാതോലിക്ക ബാവയും മെത്രാപ്പോലീത്തന്മാരും വൈദീകരും പരിശുദ്ധ പിതാക്കന്മാരുടെ കബറുകളിൽ പ്രവേശിച്ച് പ്രാർത്ഥന നടത്തിയപ്പോൾ സെമിനാരി മെത്രാൻകക്ഷി വിഭാഗത്തിന്റെ കൂട്ടത്തല്ലിന് വേദിയായി. ജോൺ സഖറിയായുടെ നേതൃത്വത്തിലുള്ള വിഭാഗവും എം.ഒ. ജോണച്ചന്റെ നേതൃത്വത്തിലുള്ള വിഭാഗവും തമ്മിലായിരുന്നു കൂട്ടത്തല്ല്. ജോണച്ചന്റെ കുപ്പായത്തിന് പിടിച്ച് വലിക്കുകയും ഇടിച്ച് തള്ളുകയും അച്ചന്റെ നെയിംബോർഡും ഓഫീസും തല്ലിത്തകർക്കുകയും ചെയ്തു. ഇതിനെ ചോദ്യം ചെയ്ത ഫാ. തോമസ് വർഗീസിന്റെ കരണത്തടിച്ചു. ഇതെല്ലാം നടക്കുമ്പോൾ നിയുക്ത കാതോലിക്ക മുകളിൽ ഇരിപ്പുണ്ടായിരുന്നു. എം.ഒ. ജോണച്ചനെ ഓടിക്കുവാൻ കരുതികൂട്ടി ആസൂത്രിതമായി ജോൺ സഖറിയ സംഘടിപ്പിച്ചതായിരുന്നു ഈ കൂട്ടത്തല്ല്.

## മെത്രാൻകക്ഷി വൈദീകർ വീണ്ടും മെമ്മോറാണ്ടവുമായി നെട്ടോട്ടം ഓടുന്നു

അങ്കമാലി ഭദ്രാസനത്തിലേയ്ക്ക് അമേരിക്കയിലെ മാർ നിക്കളാവോസിനെ നിയമിക്കാൻ ജോൺ സഖറിയ തീരുമാനിച്ചതറിഞ്ഞ് ഭദ്രാസനത്തിലെ 12 വൈദീകർ കുന്നംകുളത്തും ദേവലോകത്തും മെമ്മോറാണ്ടവുമായി ഓട്ടം തുടങ്ങി. എന്തുവില കൊടുത്താലും നിക്കളാവോസിനെ അങ്കമാലിയിൽ സ്വീകരിക്കില്ല എന്ന നിലപാടാണ് മെത്രാൻകക്ഷി വൈദീകരുടേത്.

# സഭാ സമാധാനം = നിയമസാധുതയുള്ള വഞ്ചന

**Fr. K.M. Rajan M.Sc.; M.Ed,; Ph.D**

സഭാസമാധാനം എന്ന പല്ലവി യാക്കോബായ സുറിയാനി സഭയും ഇന്ത്യൻ ഓർത്തഡോക്സ് സഭയും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു മാർഗ്ഗമായി അടുത്ത സമയത്തും മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. "സമാധാനം" അതെന്തുകൊണ്ടും ആഗ്രഹിക്കത്തക്കതാണ്. "സ്നേഹം ഭയത്തെ കീഴടക്കണം" എന്ന് അർത്ഥഗർഭമായ പ്രസംഗം നടത്തിയ ഒരു ബിഷപ്പ് കൈയ്യടി വാങ്ങിയതും സ്നേഹം മൂത്ത് മറുകണ്ടം ചാടിയതും ഏവർക്കും അറിയാവുന്നതാണ്. "സമാധാനത്തിന് വേണ്ടി ഏതറ്റം വരെയും പോകണം"- അതാണ് ക്രിസ്തീയത - അതും വളരെ ശരിയാണ്. പക്ഷെ,സമാധാനമെന്നതുകൊണ്ട് 'ഇൻഡ്യൻ ഓർത്തഡോക്സ്' സഭ വിവക്ഷിക്കുന്നത് നിയമസാധുതയുള്ള വഞ്ചനയാണെന്ന് അറിഞ്ഞിട്ടും അതിന് ചൂട്ട് പിടിക്കുന്നവരെ സഭാമക്കൾ തിരിച്ചറിയേണ്ടതുണ്ട്.

1912 ലെ കാതോലിക്ക പുനസ്ഥാപനം എന്ന ചതിയിലൂടെയാണ് 'ഇൻഡ്യൻ ഓർത്തഡോക്സ്' സഭ ജന്മമെടുത്തത്. ആ വഞ്ചനയുടെ ശതാബ്ദി ആഘോഷിക്കാൻ സമയമായി വരുന്നു. 'ഇൻഡ്യൻ ഓർത്തഡോക്സ്' സഭയുടെ സമാധാനത്തിന് രണ്ട് പ്രധാന ലക്ഷ്യങ്ങളാണുള്ളത്.(1)പരി. അന്ത്യോഖ്യാ സിംഹാസനവുമായുള്ള ബന്ധം വിഛേദിക്കുക (2) 1934 ലെ ഭരണഘടനയ്ക്കുള്ളിൽ എല്ലാ പള്ളികളേയും കൊണ്ടുവരിക. ഇവ പ്രയോഗത്തിൽ വരുത്തിയ ചതിയുടെ ചരിത്രം ഒരു പുനർവായനയ്ക്ക് വിധേയമാക്കുകയാണീ ലേഖനത്തിൽ.

1958 സെപ്തംബർ 12-ാം തീയതിയിലെ സുപ്രീം കോടതി വിധിയെ തുടർന്ന് 1958 ഡിസംബർ 16-ാം തീയതി 447 -ാം നമ്പരായി പരിശുദ്ധ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ പുറപ്പെടുവിച്ച കല്പനയിൽ ". . . മലങ്കര സഭയിൽ സമാധാനം വരുത്തുവാനായി മാർ ബസ്സേലിയസ് ഗീവർഗ്ഗീസിനെ കാതോലിക്കോസായി സ്വീകരിക്കുന്നതിന് ഇതിനാൽ നാം പ്രസാദിച്ചിരിക്കുന്നു". പരിശുദ്ധ പാത്രിയർക്കീസ് ബാവ ഉപാധികളില്ലാതെ സ്വീകരിച്ചപ്പോൾ കാതോലിക്കോസായി നാം സ്വീകരിച്ചിരിക്കുന്നു. ഈ "ഭരണഘടനയ്ക്ക് വിധേയമായ" സ്വീകരണത്തെ സംബന്ധിച്ച് 08-04-1959 ൽ 118 -ാം നമ്പർ കൽപനയിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവാ ഇപ്രകാരം പ്രതികരിച്ചു: "താങ്കളെഴുതിയിരിക്കുന്ന മറുപടിയിൽ പറഞ്ഞിരിക്കുന്നത് താങ്കളുടെ അസ്സോസിയേഷൻ ഭരണഘടന അനുസരിച്ച് താങ്കൾ നമ്മെ സ്വീകരിച്ചിരിക്കുന്നു എന്നാണല്ലോ. എന്നാൽ ആ ചട്ടങ്ങളുടെ സാരാംശം എന്തെന്ന് താങ്കൾ വിശദമാക്കിയിട്ടല്ല. പരി. പാത്രിയർക്കീസ് ബാവായുടെ 118-ാം നമ്പർ കൽപനയ്ക്ക് 08 -06-1959 ൽ കാതോലിക്കാ അയച്ച 41-ാം നമ്പർ കത്തിൽ (പാരഗ്രാഫ് 7) "മലങ്കരയിലുള്ള സിംഹാസപ്പള്ളികളുടെ ഭരണം അതാത് ഭദ്രാസനങ്ങൾക്ക് കൈമാറണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്".

പരി.പാത്രിയർക്കീസ് ബാവായുടെ 118 -ാം നമ്പർ കൽപനയിൽ Page (3) clause (5) ഇപ്രകാരം എഴുതിയിരിക്കുന്നു. പേർഷ്യായുടെ പൗരസ്ത്യദേശത്ത് മഫ്രിയാനേറ്റോ അഥവാ കാതോലിക്കേറ്റോ അതിന്റെ സുവർണ്ണകാലത്തു പരിലസിച്ചിരുന്നപ്പോഴും അന്ത്യോഖ്യായുടെ പരി.സിംഹാസനവുമായി അതിനുണ്ടായിരുന്ന ബന്ധത്തോടൊപ്പം അതിന്റെ അധികാരസീമയിൽ പരിശുദ്ധ സിംഹാസനത്തിനു പ്രത്യേകം ഇടവകകൾ ഉണ്ടായിരിക്കുകയും അവ അന്ത്യോഖ്യാപാത്രിയർക്കീസിനാൽത്തന്നെ അവക്ക് വാഴിക്കപ്പെടുന്ന എപ്പിസ്കോപ്പന്മാർ മുഖേന പാത്രിയർക്കീസിനാൽ നേരിട്ടു ഭരിക്കപ്പെടുകയും ചെയ്തിരുന്നു എന്നും അവയുടെ ഭരണത്തിൽ കാതോലിക്ക അഥവാ മഫ്രിയാന അശ്ശേഷം പ്രവേശിച്ചിരുന്നില്ല എന്നും താങ്കളുടെ ശ്രേഷ്ഠതയ്ക്ക് നിശ്ചയമായും അറിയാമല്ലോ. എന്നാൽ ഇപ്പോൾ തങ്ങളുടെ ശ്രേഷ്ഠത വി.അന്ത്യോഖ്യാ സിംഹാസനത്തിന്റെ പേരിൽ മലങ്കരയുള്ളവയും അതിന്റെ പ്രതിനിധി മുഖേന നേരിട്ടു ഭരിക്കപ്പെടുന്നവയുമായ പള്ളികളുടെ കാര്യത്തിൽ പ്രവേശിച്ചത് എങ്ങിനെയെന്നു നമുക്ക് മനസ്സിലാകുന്നില്ല.

പരിശുദ്ധ ഇഗ്നാത്യോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ 26-12-1958 ൽ അന്ത്യോഖ്യാ പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവായ്ക്കുള്ള 522 -ാം നമ്പർ കൽപനയിൽ ഇപ്രകാരം എഴുതയിരിക്കുന്നു. ". . . വിശുദ്ധ അന്ത്യോഖ്യാസിംഹാസനത്തിന്റെ പേരിൽ മലങ്കരയിലും ഇന്ത്യയിൽ മറ്റു പ്രദേശങ്ങളിലും ഉള്ളതായി നേരിട്ടു സിംഹാസനത്തിന്റെ ഭരണത്തിലും ഇരിക്കുന്ന പള്ളികളും സ്ഥാപനങ്ങളും നിങ്ങളുടെ ഭരണത്തിൽ ഇരിപ്പാൻ നാം ആഗ്രഹിക്കുന്നു. ഇതിനു വിപരീതമായിട്ടു പ്രവർത്തിക്കപ്പെടുവാൻ അശ്ശേഷം നാം ആഗ്രഹിക്കുന്നില്ല...."

എന്നാൽ 1959 ജനുവരി 12, 13 തീയതികളിൽ കോട്ടയം പഴയ സെമിനാരിയിൽ ചേർന്ന സുന്നഹദോസിന്റെ (Resolution No.4) ന്റെ താത്പര്യം വിചിത്രമാണ്: ". . . കാതോലിക്കേറ്റിന്റെ അധികാരത്തിനുള്ളിൽ പാത്രിയർക്കീസു ബാവാ തിരുമേനി നേരിട്ടോ മോർ യൂലിയോസ് മെത്രാപ്പോലിത്ത മുഖാന്തിരമൊ മറ്റു വിധത്തിലോ ഭരണംനടത്തിക്കൊണ്ടിരിക്കുന്ന പള്ളികൾ, സ്ഥാപനങ്ങൾ, പ്രസ്ഥാനങ്ങൾ മുതലായവ ആ ഭരണത്തിൽ നിന്നു വിടർത്തി കാതോലിക്കേറ്റിന്റെ കീഴിലാക്കണമെന്നും അതിനു കാതോലിക്കാ ബാവാ തിരുമേനി പാത്രിയർക്കീസ് ബാവാ തിരുമേനിയോടും മാർ യൂലിയോസ് മെത്രാപ്പോലിത്തായോടും ആലോചിച്ചു വേണ്ടതു ചെയ്യണമെന്നും നിശ്ചയിച്ചു. ഇക്കാര്യത്തിൽ കാതോലിക്കാ ബാവാ തിരുമേനിക്കു വേണ്ടി പ്രവർത്തിക്കുന്നതിന് മാർ ഈവാനിയോസ് എപ്പിസ്കോപ്പായെ ചുമതലപ്പെടുത്തി".

27-5-1960 ൽ കുന്നംകുളം സിംഹാസന പള്ളിയെ സംബന്ധിച്ച് മോർ ഗ്രീഗോറിയോസ്, മോർ ക്ലീമീസ് എന്നീ മെത്രാപോലീത്തൻ മാർ മലങ്കര സുന്നഹദോസിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു (പാരഗ്രാഫ് 4)"കുന്നംകുളം സിംഹാസന പള്ളിയെ സംബന്ധിച്ച് സഭാ കേന്ദ്രം കൈകൊണ്ട നടപടി സാധൂകരിക്കത്തക്കതല്ല എന്നുള്ളതാണ് മാർ പീലക്സിനോസ് മെത്രാപ്പോലിത്തായുടെ (പിന്നീട് ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ)സുദൃഢമായ അഭിപ്രായം. അദ്ദേഹത്തിന്റെ ഈ അഭിപ്രായം സിംഹാസന പള്ളികളെപ്പറ്റി സുന്നഹദോസിന്റെ തീരുമാനങ്ങൾക്ക് അനുസരണമാണെന്നു ഞങ്ങൾ കാണുന്നു. സിംഹാസനപള്ളികളുടെ ഭാവി നടത്തിപ്പിനെപ്പറ്റി സിംഹാസന പ്രതിനിധിയുമായി കൂടിയാലോചന നടത്തി സുന്നഹദോസിൽ റിപ്പോർട്ടു സമർപ്പിക്കുവാൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്തായെ നിയോഗിച്ചിരിക്കുകയാണല്ലോ. തൽസംബന്ധമായ റിപ്പോർട്ട് സുന്നഹദോസിൽ ലഭിച്ച് അതിന്മേൽ നിശ്ചയങ്ങൾ സുന്നഹദോസ് കൈക്കൊള്ളുന്നതിനുമുമ്പ് കുന്നംകുളം സിംഹാസനപള്ളിയുടെ ഭരണം സംബന്ധിച്ച് കേന്ദ്രം ഇടപെട്ടത് അനധികൃതമാണ്. സിംഹാസന പ്രതിനിധിയുടെ സഹകരണം ഈ പരിവർത്തനഘട്ടത്തിൽ മലങ്കര സഭയ് ക്ക് മുതൽകൂട്ടു മാത്രമെ ചെയ്യൂ എന്ന യാഥാർത്ഥ്യം അവഗണിക്കപ്പെടുന്നത് നയരഹിതമായിരിക്കും. എന്നാൽ കുന്നംകുളം സംഭവം അദ്ദേഹത്തിന്റെ സഹകരണം സഭയ്ക്ക് നഷ്ടപ്പെടുത്തുകയാണ് ചെയ്തത്".

പരിശുദ്ധ പാത്രിയർക്കീസ് ബാവ 14-06-1964 ൽ കാതോലിക്കാ ബാവായുടെ വാഴ്ചയോടനുബന്ധിച്ച് അയച്ച നമ്പർ 163/1964 കൽപനയിൽ - "നാം മലങ്കരയിലെ സിഹാസനപ്പള്ളികളെ സംബന്ധിക്കുന്ന ചോദ്യങ്ങൾ പരിഗണിച്ചു. അവ സിംഹാസനത്തിന്റെ നേരിട്ടുള്ള ഭരണത്തിലും, മലങ്കരസഭാഭരണത്തിൽനിന്ന് വേറിട്ടും നിലനിന്നിരുന്നു. അവ സ്ഥിതിചെയ്യുന്ന പ്രദേശം ഉൾപ്പെടുന്ന ഭദ്രാസനത്തിന്റെ കീഴിൽ കാലക്രമേണ കൊണ്ടു വരണമെന്നാണ് നാം ആഗ്രഹിക്കുന്നത്. ഈ സ്ഥിതി കൊണ്ടുവരുന്നതിന് കുറച്ച് സമയം എടുക്കും. അതിനിടയ്ക്ക് ഒരു താത്കാലിക ക്രമീകരണമെന്ന നിലയിൽ, നമ്മുടെ ഭരണപരമായ അധികാരങ്ങൾ കാതോലിക്കായ്ക്ക് കൈമാറുന്നതിന് നാം ആഗ്രഹിക്കുന്നു". (ഇപ്പോഴും ഈ ചരിത്രം ആവർത്തിക്കപ്പെടുന്നു!!!)

സമാധാനത്തിന്റെ ആദ്യ മാസങ്ങളിൽ തന്നെ കുന്നംകുളം സിംഹാസനപള്ളിയിൽ കൈയ്യേറ്റങ്ങളും കേസുകളും ആരംഭിച്ചു. പരിശുദ്ധ പാത്രിയർക്കീസ് ബാവ 29-12-1964 വന്ദ്യ അഫ്രേം ആബൂദി റമ്പാച്ചൻ എഴുതിയ 416/1964 നമ്പർ കൽപനയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഇപ്പോൾ കേസിലിരിക്കുന്ന കുന്നംകുളം സിഹാസനപ്പള്ളിയൊഴികെ നമ്മുടെ നേരിട്ടുള്ള ഭരണത്തിലിരിക്കുന്ന എല്ലാ സിംഹാസനപള്ളികളും അതാത് ഭദ്രാസനത്തിൻ കീഴിൽ വരണമെന്നാണ് നാം ആഗ്രഹിക്കുന്നത്.

09-01-1965 ൽ ഔഗേൻ കാതോലിക്ക 32/1965 നമ്പരായി അയച്ച കത്തിൽ ഇപ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു. സിംഹാസനപ്പള്ളികളുടെ കൈവശ അവകാശവും ഉടമസ്ഥാവകാശവും (Title and ownership) എന്റെ പേർക്ക് കൈമാറ്റം ചെയ്ത് തരണം. പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ 24-06-1975 ലെ 307/75 കൽപനയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. സിംഹാസനപള്ളികളുടെ ഗുണഭോക്താക്കളിൽ നിന്ന് നമുക്ക് പരാതികൾ ലഭിച്ചിരിക്കുന്നു. സിംഹാസനപള്ളികളുടെ ഭരണ ചുമതല നാം ഏറ്റെടുക്കുന്നതിന് അവർ നമ്മോട് അപേക്ഷിച്ചിരിക്കുന്നു. ആ പള്ളികളുടെ സ്ഥാപനോദ്ദേശത്തിന് യോജിക്കുന്ന വിധം നാം അവയുടെ നേരിട്ടുള്ള ഭരണ ചുമതല ഏറ്റെടുക്കുകയും 14-06-1964 ലെ 163/1964 നമ്പർ കൽപന ഇതിനാൽ റദ്ദാക്കുകയും ചെയ്യുന്നു.

O.S.No.5/1979, A. S. No. 354/1980 എന്നീ സഭാകേസുകളിൽ കോടതിയുടെ തീർപ്പ് നിർണ്ണായകമായി. അതിന്റെ അന്തസത്ത ഇപ്രകാരമാണ്. "14-06-1964 ലെ 163/1964 നമ്പർ കൽപന പ്രകാരം പാത്രിയർക്കീസ് കാതോലിക്കയെ ഭരണത്തിന് ചുമതലപ്പെടുത്തിയത് ഒരു താത്കാലിക ക്രമീകരണം മാത്രമാണ്. അതേ തുടർന്ന് 09-01-1965 ൽ കാതോലിക്ക 32/1965 -ാം നമ്പർ കത്തിൽ സിംഹാസനപ്പള്ളികളുടെ കൈവശ അവകാശവും ഉടമസ്ഥാവകാശവും കൈമാറ്റം ചെയ്യുന്നതിന് ആവശ്യപ്പെടുകയും ചെയ്യുന്നു. എന്നാൽ ഇത് യാഥാർത്ഥ്യമായില്ല (Did not materialize). കാരണം പാത്രിയർക്കീസിന് സ്വന്തം നിലയിൽ ഈ പള്ളികൾ കൈമാറ്റം ചെയ്യാനാവില്ല. മാത്രവുമല്ല ആ കൈമാറ്റം പള്ളിയുടെ സ്ഥപനോദ്ദേശത്തിന് എതിരാണ്. ആ താത്കാലിക കൈമാറ്റ ക്രമീകരണം പാത്രിയർക്കീസ് ബാവ 24-06-1975ലെ 307/1975 നമ്പർ കൽപനയിലൂടെ പിൻവലിക്കുകയും ചെയ്തു. ആയതിനാൽ ചുമതലപ്പെടുത്തൽ നീതിയുക്തമാണെന്ന് അനുമാനിച്ചാൽ തീർച്ചയായും അത് പിൻവലിക്കുകയും ചെയ്യാം. പാത്രിയർക്കീസ് അത് ചെയ്തു. 1995 ലെ സുപ്രീം കോടതി വിധിയിലും (AIR1995 SC2001) മേൽപറഞ്ഞ "ഭരണചുമതല ഏൽപിക്കാമെങ്കിൽ പിൻവലിക്കുകയുമാകാം" എന്ന മറ്റു കീഴ്കോടതികളുടെ തീരുമാനം സ്ഥിതീകരിച്ചു.

1942 ൽ മുൻ കാതോലിക്കാ ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ O. S. No. 111/113 കേസിലെ മൊഴിയിൽ ഇപ്രകാരം പ്രസ്താവിച്ചു. "110-ലൂം സിംഹാസനപള്ളികൾ എന്ന പേരിൽ ചില പള്ളികൾ മലങ്കരയുണ്ടായിരുന്നിട്ടുണ്ട്. ആ പള്ളികൾക്ക് എം.ഡി. സിമിനാരിയിലെ 110 ധനുവിലെ പള്ളി പ്രതിപുരുഷയോഗത്തിനു നോട്ടീസയച്ചിട്ടില്ല. ആ പള്ളികൾ മലങ്കരയുള്ള മേൽപട്ടക്കാരുടെ അധികാരത്തിൻ കീഴിൽ അല്ലാത്തതു കൊണ്ടാണ് ആ പള്ളികൾക്കു നോട്ടീസയക്കാത്തത്. ആ പള്ളികൾ മലങ്കര മെത്രാപ്പോലീത്തായുടെ അധികാരത്തിൻ കീഴിലും ഉൾപ്പെട്ടവയല്ല. അവർ പറയുന്നതു പാത്രിയർക്കീസിന്റെ നേരെ കീഴിലാണെന്നാണ്. ജൂലിയോസ് മെത്രാന്റെ വരുതിയിൽ ആ പള്ളികൾ നില്ക്കുന്നു എന്നാണു പറയുന്നത്. മാർ ജൂലിയോസു മെത്രാനു മലങ്കര ഒരു എടവകയും ഭരണമില്ല. മലങ്കരയിൽ യാതൊരു എടവകയ്ക്കും മെത്രാനായി അദ്ദേഹത്തെ തിരഞ്ഞെടുക്കുകയോ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. സിംഹാസനപള്ളി എന്ന പേരിൽ ചില പള്ളികൾ മാർ ഒസ്താത്യോസിന്റെ അവസാനകാലം മുതൽ സ്ഥാപിച്ചു തുടങ്ങി എന്നാണ് എന്റെ അിറവ്. ആ പള്ളികളെ മലങ്കര സഭയിൽപ്പെട്ട പള്ളികളാണെന്നു മലങ്കര മെത്രാപ്പോലീത്തമാർ സ്വീകരിച്ചിട്ടില്ല. ആ സിംഹാസന പള്ളികൾ എടവക പള്ളി അല്ലാ".

28-11-2001 ലെ S.L.P.No.7593/2001 കേസിലെ തീർപ്പനുസരിച്ച് മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസ്സിയേഷൻ നടത്തുന്നതിന് ഉത്തരവായി. നീതിയുക്തമായി നടക്കേണ്ട അസ്സോ സിയേഷൻ പ്രഹസനമായി മാറി. 20-03-2002 ൽ പരുമലയിൽ നടത്തിയ യോഗത്തിലേയ്ക്ക് 1972-2002 കാലഘട്ടത്തിൽസ്ഥാപിക്കപ്പെട്ട യാക്കോബായ സുറിയാനിപള്ളികൾക്കും നോട്ടീസുകളയച്ചു. O.S. No.4/1979 കേസിന്റെ തീർപ്പ് നടപ്പാക്കുന്നത് അതിനനുബന്ധമായ പട്ടികയിലെ 1054 പള്ളികളെപ്പോലും ബന്ധിക്കുന്നതിന് നിയമ തടസം ഉണ്ടായിരിക്കെ 1600 പള്ളികൾക്കാണ് നോട്ടീസ് അയച്ചത്. എന്തനാണെന്നറിയാമോ? 1934 ലെ ഭരണഘടനയിൽ ബന്ധിക്കാൻ !! അതിന് ഒറ്റ നോട്ടീസ് മതി!! പിന്നെ വേണ്ടത് 1600 പള്ളികളിൽനിന്നും പ്രതിനിധികൾ പങ്കെടുത്തു എന്ന രേഖ. ഇതിനെല്ലാം "ബിനാമികൾ" ഒപ്പിടുന്നുണ്ട്. ഈ വഞ്ചന തുടരുന്നവരോട് ഐക്യപ്പെടണമെന്ന് പറയുന്നവൻ സമാധാനം അന്വേഷിക്കുന്നവനല്ല; കള്ളന് കഞ്ഞിവയ്ക്കുന്നവനാണ്. എന്തു പീഢസഹിച്ചും അന്ത്യോഖ്യാ മലങ്കര ബന്ധം നിലനിർത്താനും, പരിശുദ്ധ സിംഹാസനത്തിന്റെ പേരിലുള്ള മലങ്കരയിലെ പള്ളികളും സ്ഥാപനങ്ങളും അപ്രകാരം നലനിർത്തുവാനും, 1934 ലെ ഭരണഘടനയിൽ കുരുക്കാൻ ശ്രമിക്കുന്നവർക്കെതിരെ നിതാന്ത ജാഗ്രത പുലർത്താനും സുറിയാനി സഭാമക്കൾ എന്നും സന്നദ്ധരാണ്.

## മെത്രാൻകക്ഷികൾ സമരം പാതിവഴിയിൽ ഉപേക്ഷിച്ചു

ഏറെ കൊട്ടിഘോഷിക്കപ്പെട്ട സെക്രട്ടിയേറ്റ് മാർച്ച് മെത്രാൻകക്ഷികൾ ഉപേക്ഷിച്ചു. സെക്രട്ടിയേറ്റ് മാർച്ചിന് ഒരു പള്ളിയിൽനിന്ന് ഒരുവാഹനം വീതം എത്തണമെന്ന് ദിദിമോസ് കാതോലിക്കായുടെ കൽപന മലയാള മനോരമ പത്രത്തിൽ പരസ്യരൂപത്തിൽ വന്ന അന്നുതന്നെയാണ് ഈ പിൻവാങ്ങൽ. പ്രതിഷേധ ധർണക്ക് ജനങ്ങളെ ലഭിക്കില്ല എന്നുള്ള തിരിച്ചറിവാണ് ഈ പിൻമാറ്റത്തിന് കാരണം.

## അഭി. കുറിയാക്കോസ് മോർ ഗ്രിഗോറിയോസ് അഭിഷിക്തനായി ഒന്നാം പേജിൽനിന്ന് തുടർച്ച

മാരായ മോർ അത്തനാസിയോസ് ഏലിയാ ബാഹി, മോർ പീലക്സിനോസ് മത്യാസ് എന്നിവർ സഹകാർമ്മികരായിരുന്നു. അനേകം വിശ്വാസികൾ എന്നിവർ പങ്കെടുത്തു. ക്നാനായ ഭദ്രാസനത്തിൽപെട്ട വൈദീകരടക്കം നൂറുകണക്കിന് വിശ്വാസികളും സ്ഥാനാരോഹണചടങ്ങിൽ പങ്കെടുക്കുവാൻ ദമാസ്കസിൽ എത്തിയിരുന്നു. പുതിയ മെത്രാപ്പോലീത്ത ഫെബ്രുവരി 10 ശനിയാഴ്ച നെടുമ്പാശ്ശേരി വിമാനതാവളത്തിൽ എത്തിച്ചേരും. 11 ന് കോട്ടയം വലിയ പള്ളിയിൽ വി. കുർബ്ബാന അർപ്പിക്കും. ഉച്ചയ്ക്ക് ശേഷം ചിങ്ങവനത്തുവച്ച് ക്നാനായ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ സ്വീകരണം നൽകും.



# മഹാപരിശുദ്ധനായ ഏലിയാസ് ത്രിതീയൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സിന്റെ 75–ാം ദുക്റോനാ പെരുന്നാൾ



മഹാപരിശുദ്ധനായ ഏലിയാസ് ത്രിതീയൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സിന്റെ 75–ാം ദുക്റോനാ പെരുന്നാളിനോട് അനുബന്ധിച്ച് വിശ്വാസസംരക്ഷകൻ പ്രത്യേക പതിപ്പ് പ്രസിദ്ധീകരിക്കുന്നതിന്റെ ക്രമീകരണം പൂർത്തിയായി വരുന്നു. പരി. ബാവായുടെ അപൂർവ്വ ചിത്രങ്ങൾ വന്ദ്യ കണിയാംപറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പ, വന്ദ്യ മൂലയിൽ കുര്യാക്കോസ് കോറെപ്പിസ്കോപ്പ, റവ. ഫാ. ഗീവർഗീസ് കല്ലൂപറമ്പിൽ, റവ. ഡോ. കെ.എം. രാജൻ, തീർത്ഥയാത്ര നേതാക്കൾ തുടങ്ങിയ പ്രശസ്ത വ്യക്തികളുടെ ലേഖനങ്ങൾ എന്നിവ ഉൾപ്പെടുത്തികൊണ്ട് ഇന്റർനെറ്റ് എഡീഷനോടൊപ്പം ഫോർ കളർ ആർട്ട് പേപ്പറിൽ പതിനായിരത്തോളം കോപ്പി പ്രിന്റഡ് എഡീഷനിൽ ഫെബ്രുവരി 7 ന് ഇറക്കുന്നതാണ് . പരസ്യങ്ങളും ചിത്രങ്ങളും അയച്ചുതന്ന് സഹായിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. ഇനിയും പരസ്യങ്ങൾ ഉൾപ്പെടുത്താനുള്ള ഇടമുണ്ട് എന്നുള്ള കാര്യം അറിയിക്കട്ടെ.

പരസ്യനിരക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| Full Page | Rs. 10000 |
| Half Page | Rs. 5000 |
| Quater Page | Rs. 2500 |
| Single Photo | Rs. 1000 |

ഈ സംരഭവുമായി എല്ലാവർക്കും സഹകരിക്കാവുന്നതാണ്. പള്ളികളായും വ്യക്തികളായും കുടുംബങ്ങളായും ഉള്ള നിങ്ങളുടെ സഹകരണം ഞങ്ങൾ പ്രതീക്ഷിക്കുന്നു. പരസ്യങ്ങൾ ഫെബ്രുവരി അഞ്ചാം തീയതിക്ക് മുമ്പായി ലഭിക്കേണ്ടതാണ്.

ഞങ്ങളുടെ ഇമെയിൽ അഡ്രസ്സ് editor@viswasasamrakshakan.org, abrahambibby@yahoo.com
Fax. No. 0481 2458198, Ph: 0481- 2456498, Mob. 9446921775

# എബ്രഹാം മോർ സേവേറിയോസ് മെത്രാപ്പോലീത്തായ്ക്ക് ജൂബിലി മംഗളങ്ങൾ



1962 ജൂൺ 30, എന്റെ പ്രായം കേവലം 10 വയസ്സ്. ഏകദേശം 45 വർഷം മുമ്പ് ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ അന്നത്തെ അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്ത ഒരു പട്ടം കൊട ശുശ്രൂഷ നടത്തുന്നു. എന്റെ ജീവിതത്തിൽ ഇദം പ്രഥമമായി ഞാൻ കണ്ടതായ പൗരോഹിത്യ ദാന ശുശ്രൂഷ. 10 വയസ്സിൽ കണ്ടതായ ഈ ശുശ്രൂഷയുടെ ആത്മീക അർത്ഥ തലങ്ങളെക്കുറിച്ച് ഒന്നുംതന്നെ ഗ്രഹിക്കുവാൻ കഴിവില്ലാത്ത ബാല്യകാലം. എങ്കിലും എന്റെ ജ്യേഷ്ഠനായ കുര്യാക്കോസ് ശെമ്മാശനും അങ്കമാലി പീച്ചാനിക്കാട് ദേശവാസിയും ആലുക്കൽ കുടുംബാംഗവുമായ എബ്രഹാം ശെമ്മാശനെയും കശീശ്ശ സ്ഥാനത്തേയ്ക്ക് വയലിപ്പറമ്പിൽ അഭിവന്ദ്യ ഗീവർഗീസ് മോർ ഗ്രിഗോറിയോസ് തിരുമേനി ഉയർത്തുന്ന മഹോന്നതമായ ശുശ്രൂഷ 56-ാം വയസ്സിലും എന്റെ സ്മൃതി പഥത്തിൽ തങ്ങി നിൽക്കുന്നു.

അഭിവന്ദ്യനായ എബ്രഹാം മോർ സേവേറിയോസ് തിരുമേനിക്ക് എന്റെ കുടുംബവുമായി ഉണ്ടാകാനിടയായ അടുപ്പത്തിനും സ്നേഹവായ്പിനും ഇതര വിശദീകരണങ്ങൾ ആവശ്യമില്ല.

യാക്കോബായ സഭയ്ക്കിത് കൃപാ വർഷത്തിന്റെ പുണ്യമഴക്കാലം. ശുദ്ധമനസ്ക്കനും തപോധനനുമായ വന്ദ്യ സേവേറിയോസ് തിരുമനസ്സിന്റെ കണ്ണുനീർ കൃപാ മഴമേഘമായി, പിന്നീടത് അനുഗ്രഹ പൂമഴയായി അങ്കമാലി ഭദ്രാസനത്തിലെ അങ്കമാലി മേഖലയെ വീണ്ടും നയിക്കുന്നു. കൃപാ മഴകൾ തീർക്കുന്ന അനുഗ്രഹ അരുവികളിലൂടെ ദൈവനിയോഗങ്ങൾ വന്ദ്യ തിരുമേനിയെ തേടി ഒഴുകിയെത്തുന്നു. തിരുമേനിയുടെ കൂടെ ദൈവം ഉണ്ട്. ദൈവത്തിന്റെ കൂടെ തിരുമേനിയും ഉണ്ട്. തിരുമേനി മെത്രാപ്പോലീത്തയായിട്ട് 25 വർഷം തികയുമ്പോൾ അത് യാക്കോബായ സഭയിലെ എല്ലാവരും അംഗീകരിക്കപ്പെടുന്ന അനുഭവമാക്കിത്തീർത്ത

**ഫാ. ഡാർളി എടപ്പങ്ങാട്ടിൽ**

നമ്മുടെ പിതാവും ആകമാന തലവനുമായ പരി. പാത്രിയർക്കീസ് ബാവായുടെയും പ്രാദേശിക തലവനായ ശ്രേഷ്ഠ കാതോലിക്കാ ബാവയുടെയും പ്രാർത്ഥനയും അനുഗ്രഹവും അവിസ്മരണീയമാണ്.



യാക്കോബായ സഭയിൽ നേതൃ സ്ഥാനത്തെ ഇടയ സങ്കൽപമായിട്ടാണ് നൽകപ്പെടുന്നത്. കേവലം ആശയപ്രചാരകരുടെ ഭരണകർത്താവോ, സംഘാടകനോ അല്ല. 23-ാം സങ്കീർത്തനത്തിലെ ഇടയനെയാണ് സഭയിൽ അധികാരികളായി നിയമിക്കപ്പെട്ടിട്ടുള്ളത്. ഇടയ ബന്ധം ഒരു സമഗ്ര ബന്ധത്തെ സൂചിപ്പിക്കുന്നു. അജഗണത്തിന്റെ പരിപൂർണ്ണ വളർച്ചയെ കരുതിയുള്ള ശുശ്രൂഷയാണിത്. യോഹന്നാൻ 10-ാം അദ്ധ്യായത്തിലെ നല്ല ഇടയനാണ് മാതൃക. ജൂബിലിയുടെ നിറവിൽ വന്ദ്യ സേവേറിയോസ് തിരുമേനി ഇടയത്വത്തിന് ഉത്തമനിദർശനമാകട്ടെ!

ഇടയനെക്കുറിച്ച് വൈദീകർക്കും ജനങ്ങൾക്കും ചില സങ്കൽപങ്ങൾ ഉണ്ട്. ഇടയൻ ആടുകളെ അറിയുന്ന പിതാവായിരിക്കണം. തീഷ്ണമായ ദൈവസ്നേഹവും മനുഷ്യസ്നേഹവും ഒരു പിതാവിന്റെ ജീവിത ദൗത്യമായിരിക്കണം. ആരേയും അടിച്ചൊതുക്കാതെ ഏവർക്കും അവസരങ്ങൾ നൽകാൻ മനസ്സുള്ള ഒരു വത്സല തനയനായിരിക്കണം പിതാവ്. ഇടവക ജനത്തെയും കീഴിലുള്ള പട്ടക്കാരേയും സന്ദർശിക്കുവാൻ സദാ സന്നദ്ധത ഇടയന് ഉണ്ടാകണം. ഇടവക ജനത്തിന്റെ സർവ്വോന്മുഖമായ വളർച്ച പിതാവിന്റെ പ്രധാന സ്വപ്നമായിരിക്കണം. വലുപ്പച്ചെറുപ്പം നോക്കാതെ എല്ലാ വൈദീകരേയും സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും മനസ്സ് ഇടയനിൽ ആധുനിക തലമുറ പ്രതീക്ഷിക്കുന്നു. ചുരുക്കി പറഞ്ഞാൽ മെത്രാപ്പോലീത്ത സ്ഥാനത്ത് 25 വർഷം തികയുന്ന മോർ സേവേറിയോസ് തിരുമേനി ഒരു ജനകീയനായി മാറണം. വ്യക്തിപരമായി ഞാനറിയുന്നിടത്തോളം മോർ സേവേറിയോസ് തിരുമേനി നിശബ്ദമായ ജീവിതത്തിന്റെ ഉടമയാണ്. പൗരസ്ത്യ സഭയിലെ വിശുദ്ധന്മാർ ബഹുഭൂരിപക്ഷവും നിശബ്ദരായി ജീവിച്ചവരാണ്. ലോകദൃഷ്ടിയിൽ അവർ ബലഹീനരും നിസ്സഹായരുമായിരുന്നു. അവരുടെ നിസ്സഹായാവസ്ഥ സമ്പൂർണ്ണ ദൈവാശ്രയത്തിൽ നിന്ന് ഉരുത്തിരിയുന്നതായിരുന്നു. അവരുടെ ബലഹീനാവസ്ഥയെ ദൈവം ഒറു വലിയ ആത്മീയ ശക്തിയായി രൂപാന്തരപ്പെടുത്തി. പുതിയ തലമുറയിൽ ആ ജീവിത ശൈലിയുടെ യഥാർത്ഥ ഭാവമായി ചരിത്രത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്ന മഹാപുരോഹിതനാണ് മോർ സേവേറിയോസ് തിരുമേനി.

ഇന്ത്യ മതങ്ങളുടെ ജന്മഭൂമിയാണെന്ന് ഒരു കാലത്ത് പറഞ്ഞിരുന്നു. ഇപ്പോൾ നമുക്ക് ഇന്ത്യയെക്കുറിച്ച് പറയാവുന്നത് ഇന്ത്യ മതങ്ങളുടെ കലഹഭൂമിയായി എന്നാണ്. ഈ കലഹത്തിന്റെ ഒടുവിൽ മതങ്ങൾ ബാക്കി നിൽക്കുമോ എന്ന് സംശയമാണ്. ഈ ലോകത്തിൽ മതത്തിന്റെ വിത്ത് വിതറി മതത്തിന്റെ ഏറ്റവും നല്ല ധാന്യം കൊയ്തെടുത്ത രാജ്യം സഭകൾ കള കയറി ധാന്യം നഷ്ടപ്പെട്ട് മോശമായിത്തീരുന്നതിൽ പരിതപിക്കുന്ന ഒരു ഹൃദയം മോർ സേവേറിയോസ് തിരുമേനിയിൽ പലപ്പോഴും കാണാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്.

പിന്നിട്ട 25 വർഷത്തിനിടയിൽ ചുറ്റുപാടും എന്തെല്ലാം പ്രതികൂലങ്ങൾ, പ്രതിബന്ധങ്ങൾ, തടസ്സങ്ങൾ, വിമർശനങ്ങൾ? എന്നിട്ടും ഈ പ്രതികൂലങ്ങളെ പഴിക്കാതെ ഒരിക്കലും പരിഭവം പറയാതെ ആ എതിർപ്പിനെ മുഴുവൻ അവസരമാക്കി വന്ദ്യ തിരുമേനി മാറ്റി. പ്രതിലോമശക്തികളെ തന്റെ വിജയത്തിനുവേണ്ടിയുള്ള പടവുകളാക്കി മാറ്റാൻ പരിശ്രമിക്കുന്ന, ക്ഷീണമില്ലാത്ത ഒരു ബുദ്ധി - അതാണ് വന്ദ്യ എബ്രഹാം മോർ സേവേറിയോസ്.

വർഷങ്ങൾക്ക് മുൻപ് കേവലം വിജനമായിരുന്ന വെങ്ങോല ഇന്ന് കാരുണ്യവും വിജ്ഞാനവുമാകുന്ന പാലും തേനും ഒഴുകുന്ന കാനാൻ നാടാണ്. വന്ദ്യ തിരുമേനിയുടെ കാരുണ്യവും സ്നേഹവും നിറഞ്ഞ സ്വഭാവത്തോട് അനുയോജ്യമായ സ്ഥാപനങ്ങൾ വെങ്ങോലയിൽ കാണാം. ആത്മീക ദർശനം ഉള്ളവർക്ക് മാത്രമെ കാണാൻ കഴിയൂ എന്നതും ഒരു പ്രത്യേകതയാണ്.

പരിശുദ്ധ ത്രിത്വത്തിന്റെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാൻ മനുഷ്യനായി അവതരിച്ച് മാനവരാശിയുടെ മുഴുവന്റെയും രക്ഷയ്ക്കായി വി. പത്രോസ് ശ്ലീഹായെ അടിസ്ഥാനശിലയാക്കി സ്ഥാപിച്ചതാണ് ക്രൈസ്തവസഭ. വി.പത്രോസിന്റെ പടകായ യാക്കോബായ സഭയിൽ പരി. പാത്രിയർക്കീസ് ബാവയുടെയും ശ്രേഷ്ഠ കാതോലിക്ക ബാവയുടെയും കീഴിൽ തുടർന്നും സഭയെ തീഷ്ണതയിൽ ശുശ്രൂഷിക്കുവാനും ബലപ്പെടുത്താനും അനേകം കുടുംബങ്ങൾക്കും വ്യക്തികൾക്കും പ്രകാശ സ്തംഭമായി സമൂഹത്തിൽ നിലകൊള്ളുവാനും വന്ദ്യ സേവേറിയോസ് തിരുമേനിക്ക് കഴിയട്ടെ എന്നതാണ് ജൂബിലി വർഷത്തിൽ എന്റെ എളിയ പ്രാർത്ഥന.

# മെത്രാൻകക്ഷികൾ തെറ്റിധാരണ പരത്തുന്നു

സത്യവിരുദ്ധമായ പ്രസ്ഥാവനകളും വാർത്തകളും നൽകി സമൂഹത്തെ തെറ്റിധരിപ്പിക്കുവാനാണ് മെത്രാൻകക്ഷി വിഭാഗം ശ്രമിക്കുന്നത് എന്ന് ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവ പറഞ്ഞു.

തൃക്കുന്നത്ത് സെമിനാരി പള്ളി അടക്കം ഇരുപതോളം യാക്കോബായ സഭയുടെ ദേവാലയങ്ങൾ പൂട്ടപ്പെട്ട് കിടക്കുന്നുണ്ട്. ഇത് ഇനി അനുവദിക്കുവാൻ സാധിക്കുകയില്ല. തൃക്കുന്നത്ത് സെമിനാരി പള്ളി കഴിഞ്ഞ 33 വർഷമായി അടഞ്ഞുകിടക്കുന്നു എന്ന് ശ്രേഷ്ഠ ബാവ വ്യക്തമാക്കി. ഇരുവിഭാഗത്തിലെയും വിശ്വാസികൾ പള്ളി തുറക്കണമെന്ന് ആവശ്യപ്പെട്ട് മുന്നോട്ട് വന്നിരിക്കുന്നു. എന്നാൽ ക്രിസ്തീയ വീക്ഷണത്തിൽ നിന്നും വ്യതിചലിച്ച മെത്രാൻകക്ഷി വിഭാഗം പള്ളികൾ തുറക്കുവാനുള്ള ശ്രമങ്ങൾക്കെതിരെ പ്രസ്താവനകളും ഭീഷണിയുമായി മുന്നോട്ട് പോകുന്നത് ക്രിസ്തീയതയ്ക്ക് ചേർന്നതല്ല എന്ന് ശ്രേഷ്ഠ ബാവ പറഞ്ഞു. കടമറ്റം, കോലഞ്ചേരി എന്നീ പള്ളികൾ തുറക്കുവാൻ ശ്രമങ്ങൾ നടന്നപ്പോഴും മെത്രാൻകക്ഷി സഭാനേതൃത്വത്തിന്റെ വ്യത്യസ്തമായിരുന്നില്ല എന്ന് ബാവ ചൂണ്ടിക്കാട്ടി.

തൃക്കുന്നത്ത് സെമിനാരി സംബന്ധിച്ച രേഖകൾ പരി. പാത്രിയർക്കീസ് ബാവായുടെ കീഴിലുള്ള അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായുടെ അധികാരത്തിൻ കീഴിൽ ആയിരിക്കണം എന്ന വ്യക്തമായി പറഞ്ഞിരിക്കെ എന്ത് അവകാശമാണ് ഓർത്തഡോക്സ് സഭാനേതൃത്വം ഉന്നയിക്കുന്നത് എന്ന് വ്യക്തമാക്കണമെന്ന് ശ്രേഷ്ഠ ബാവ ആവശ്യപ്പെട്ടു.

പുണ്യപിതാക്കന്മാരുടെ കബറിങ്കൽ പൂർണ്ണരൂപത്തിൽ പ്രാർത്ഥന അർപ്പിക്കുവാൻ സാധിച്ചുവെങ്കിലും തൃക്കുന്നത്ത് സെമിനാരി പള്ളിയടക്കം അടഞ്ഞുകിടക്കുന്ന എല്ലാ പള്ളികളും തുറന്ന് വി. കുർബ്ബാന അർപ്പിക്കുവാൻ ആവശ്യമായ നടപടികൾ ബഹു.ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ശ്രേഷ്ഠ ബാവ ആവശ്യപ്പെട്ടു.

പൂട്ടപ്പെട്ട ദേവാലയങ്ങൾ തുറക്കുന്നത് സംബന്ധിച്ച് രൂപരേഖ തയ്യാറാക്കുന്നതിനും തീരുമാനങ്ങൾ കൈകൊള്ളുന്നതിനും ഫെബ്രുവരി മാസം 7-ാം തീയതി സഭയുടെ വർക്കിംഗ് കമ്മിറ്റി കൂടുവാൻ നിശ്ചയിച്ചിട്ടുണ്ട് എന്ന് ശ്രേഷ്ഠ ബാവ അറിയിച്ചു. പരി. സഭയുടെ മാനേജിംഗ് കമ്മിറ്റിയും പരി. എപ്പിസ്കോപ്പൽ സുന്നഹദോസും പിന്നാലെ ചേരുന്നതാണ്.

# ഗവൺമെന്റിന്റെ മദ്ധ്യസ്ഥ ശ്രമങ്ങളോട് സഹകരിക്കും

പുത്തൻകുരിശ്: യാക്കോബായ സുറിയാനി സഭയുടെ പുണ്യപിതാക്കന്മാർ കബറടങ്ങിയിട്ടുള്ള തൃക്കുന്നത്ത് സെമിനാരി പള്ളി കബറിങ്കൽ 33 വർഷത്തിനുശേഷം ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവായ്ക്കും പരി. സഭയിലെ അഭി.മെത്രാപ്പോലീത്തന്മാർക്കും ബഹു. വൈദീകർക്കും വിശ്വാസികൾക്കും പ്രവേശിച്ച് ധൂപപ്രാർത്ഥന അർപ്പിക്കുവാൻ സാധിച്ചതിൽ യാക്കോബായ സഭ വർക്കിംഗ് കമ്മിറ്റി, സന്തോഷം രേഖപ്പെടുത്തുകയും പരി. സഭയോടുള്ള ബഹു.കേരള ഗവൺമെന്റിന്റെ നീതിയായ നിലപാടിന് നന്ദി രേഖപ്പെടുത്തുകയും ചെയ്തു. പൂട്ടപ്പെട്ട ദേവാലയങ്ങൾ വിശ്വാസികൾക്ക് ആരാധനയ്ക്കായി തുറന്നു നൽകുവാനുള്ള ശ്രമങ്ങൾക്കുനേരെ പ്രതിഷേധം പ്രകടിപ്പിക്കുന്നവർ ക്രൈസ്തവ സമൂഹത്തിന് തന്നെ അപമാനമാണ് എന്ന് വർക്കിംഗ് കമ്മിറ്റി അഭിപ്രായപ്പെട്ടു. സഭാതർക്കങ്ങൾ സമാധാനപരമായി പരിഹരിക്കുന്നതിന് ബഹു. ഗവൺമെന്റ് മുൻകൈ എടുക്കണമെന്നും മദ്ധ്യസ്ഥ ശ്രമങ്ങളോട് പൂർണ്ണമായും സഹകരിക്കുമെന്നും വർക്കിംഗ് കമ്മിറ്റി വ്യക്തമാക്കി. തൃക്കുന്നത്ത് സെമിനാരിയും സ്വത്തുക്കളും യാക്കോബായ സുറിയാനി സഭയുടെ അങ്കമാലി ഭദ്രസനത്തിന് മാത്രം അവകാശപ്പെട്ടതാണ് എന്ന് രേഖകളും പ്രമാണങ്ങളും പരിശോധിക്കുന്നവർക്ക് മനസ്സിലാക്കുവാൻ സാധിക്കുമെന്നും ശ്രേഷ്ഠ ബാവ ചൂണ്ടിക്കാട്ടി. കാതോലിക്കാ വിഭാഗം അനധികൃതമായി സെമിനാരിയും സ്വത്തുക്കളും കൈവശം വച്ചിരിക്കുന്നു. ഈ അനീതി അനുവദിക്കുവാൻ സാധിക്കുകയില്ലെന്നും യാഥാർത്ഥ അവകാശികൾക്ക് സെമിനാരിയുടെ നിയന്ത്രണം ലഭിക്കുന്ന കാലം വിദൂരമല്ല എന്നും ശ്രേഷ്ഠ ബാവ വ്യക്തമാക്കി.

തൃക്കുന്നത്ത് സെമിനാരി പള്ളി തുറന്ന് വി. കുർബ്ബാന അർപ്പിക്കുവാനുള്ള സാഹചര്യം എത്രയും വേഗം ഉണ്ടാകണമെന്ന് ശ്രേഷ്ഠ ബാവ അഭിപ്രായപ്പെട്ടു. ഇരുവിഭാഗത്തിലെയും വിശ്വാസികൾ പള്ളി തുറക്കണമെന്ന് അവശ്യപ്പെട്ടിട്ടുള്ളത് ശ്രേഷ്ഠ ബാവ ചൂണ്ടിക്കാട്ടി. പുണ്യപിതാക്കന്മാരുടെ കബറിടത്തിൽ പ്രാർത്ഥിക്കുവാൻ സാധിച്ചത് പരി. സഭയുടെ ചരിത്രത്തിലെ അവിസ്മരണീയ മുഹൂർത്തമാണ് എന്നും ബഹു. ഗവൺമെന്റിന്റെ നീതിയായ സമീപനം പരി. സഭ ആദരവോടെ കാണുന്നുവെന്നും എന്നാൽ പൂട്ടപ്പെട്ട ദൈവാലയങ്ങൾ തുറന്ന് ആരാധന അർപ്പിക്കുവാനുള്ള സാഹചര്യം ഉണ്ടാകണമെന്ന പരി. സഭയുടെ ആവശ്യം എത്രയും വേഗം നടപ്പാക്കിത്തരണമെന്ന് ബഹു. ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതായും ശ്രേഷ്ഠ ബാവ പറഞ്ഞു.

ചീഫ് എഡിറ്റർ: ബിബി എബ്രഹാം കടവുംഭാഗം, പുളിക്കൽകവല പി.ഒ.,വാഴൂർ
Ph: 0481-2456498, 2458198, 9446921775,
Sponsored by: Mor adai Study Center http://moradaistudycenter.cjb.net
editor@viswasasamrakshakan.org abrahambibby@yahoo.com